# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ : ശ്രീ. പി.എം. അലി അസ്ഗർ പാഷ ഐ.എ.എസ്)

വിഷയം :- പിന്നോക്ക സമുദായ വികസനം - എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം-2016-17-കരട് ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:- (1) സ.ഉ(ആർ.റ്റി) നമ്പർ. 69/2016/പി.സ.വി.വ തീയതി 01/09/2016.

(2) 05/10/2016-ലെ ഈ ഓഫീസിലെ ഇതേ നമ്പർ നോട്ടിഫിക്കേഷൻ.

.................................................................................................................

ഉത്തരവ് നമ്പർ : **BCDD/A1/2398/16** തീയതി: **05/12/ 2016**

.................................................................................................................

പിന്നാക്ക സമുദായ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി 2016-17 വർഷം നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സംസ്ഥാന വ്യാപകമായി അർഹരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും പദ്ധതിയുടെ മെഡിക്കൽ/എഞ്ചിനീയറിംഗ്, സിവിൽ സർവ്വീസ്, ബാങ്കിംഗ്, പി.എസ്.സി കോച്ചിംഗ് തുടങ്ങിയ ശാഖകളിൽ ഓൺലൈൻ മുഖാന്തിരം അപേക്ഷിച്ച അപേക്ഷകരിൽ നിന്ന് ഫണ്ടിന്റെ ലഭ്യതയും ഉദ്യോഗാർത്ഥികളുടെ അക്കാദമിക് മികവും മാനദണ്ഡ വിധേയമാക്കി പ്രാഥമികമായി അർഹത തെളിയിക്കുന്നവരുടെ കരട് പട്ടിക തയ്യാറാക്കി നൽകാൻ എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിക്കുകയും ആയത് പ്രകാരം പദ്ധതിയുടെ താൽക്കാലിക അർഹത തെളിയിച്ചവരുടെ കരട് ലിസ്റ്റ് ഇ-മെയിൽ മുഖേന ഈ ഓഫീസിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയുടെ കരട് ലിസ്റ്റ് അംഗീകരിച്ചും, അർഹരായവരുടെ അന്തിമ പട്ടിക തയ്യാറാക്കി ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള ചുമതല എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയും ഉത്തരവാകുന്നു. കോഴിക്കോട്, എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ ബന്ധപ്പെട്ട അധികാര പരിധിയിലെ അപേക്ഷകൾ പരിശോധിക്കേണ്ടതും, കോഴിക്കോട് മേഖലാ പരിധിയിൽ വരുന്ന അർഹരായ ഗുണഭോക്താക്കളുടെ വിവരങ്ങൾ അന്തിമ പട്ടിക തയ്യാറാക്കുന്നതിലേയ്ക്കായി എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറേണ്ടതുമാണ്.

(ഒപ്പ്)

**ഡയറക്ടർ**

ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

**പകർപ്പുകൾ**

1) പ്രിൻസിപ്പൽ സെക്രട്ടറി (ആമുഖ കത്ത് സഹിതം)
2) ഡയറക്ടറുടെ സി.എ
3) സീനിയർ സൂപ്രണ്ട് ഡയറക്ടറേറ്റ് / എറണാകുളം / കോഴിക്കോട്
4) സ്റ്റോക്ക് ഫയൽ / സ്പെയർ